"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2025 സീസണിലെ നാടൻ തോട്ടണ്ടി സംഭരണം - തോട്ടണ്ടിയുടെ അടിസ്ഥാന വില കിലോഗ്രാമിന് 140/- രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.368/2025/ID തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:- 1. സ.ഉ. (സാധാ.) നം. 109/2025/വ്യവ. തീയതി 05/02/2025.

2. നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ 11/03/2025 തീയതിയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

2025 വർഷത്തെ നാടൻ തോട്ടണ്ടി വിളവെടുപ്പ് സീസണിൽ കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിനായുള്ള വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം 22/01/2025 തീയതിയിൽ ചേരുകയും കിലോഗ്രാമിന് 110/- രൂപ ആയി നിശ്ചയിച്ച് പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി വിലയ്ക്ക് തോട്ടണ്ടി ലഭ്യമായില്ലെങ്കിൽ 30 ദിവസത്തിനകം വീണ്ടും യോഗം ചേർന്ന് വില പുനർനിർണ്ണയം ചെയ്യാമെന്നും പ്രസ്തുത യോഗം തീരുമാനിച്ചിരുന്നു.

2) ആയതിന്റെ അടിസ്ഥാനത്തിൽ, നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ രണ്ടാമത് യോഗം 11/03/2025 -ന് ഓൺലൈനായി ചേർന്നു. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, മാർക്കറ്റ് ഇന്റലിജൻസ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കാസർഗോഡ് ഉൾപ്പടെ വിവിധ ജില്ലകളിലെ നിലവിലെ കശുവണ്ടിയുടെ വിപണി ശരാശരി വില 140/- രൂപയാണെന്നും ആയതിനാൽ 140/-രൂപയിൽ സംഭരണം തുടങ്ങാവുന്നതാണെന്നും പ്രസ്തുത യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നാടൻ തോട്ടണ്ടിയ്ക്ക് കിലോഗ്രാമിന് 140/- രൂപ അടിസ്ഥാന വിലയായി പ്രസ്തുത യോഗം തീരുമാനിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ മേൽ പരാമർശ യോഗതീരുമാന പ്രകാരം, കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് ഇതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ അടിസ്ഥാന വില

ഇന്നേ ദിവസം മുതൽ കിലോഗ്രാമിന് 140/- രൂപ ആയി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
സ്പെഷ്യൽ ഓഫീസർ & ചെയർമാൻ, കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ.
ഡയറക്ടർ, ജയിൽ വകുപ്പ്, തിരുവനന്തപുരം.
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
കൃഷി/ആഭ്യന്തര/പട്ടികജാതി-പട്ടികവർഗ്ഗവികസന/ആസൂത്രണ സാമ്പത്തിക കാര്യ/ധന വകുപ്പുകൾ.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/16/2025/വ്യവ.).

ഉത്തരവിൻ പ്രകാരം

Signed by
Susan Thomas
സെക്ഷൻ ഓഫീസർ
Date: 02-04-2025 12:03:48

**പകർപ്പ്:-** വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ -യ്ക്ക്